## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

പ്രവചന കാലയളവ് 18.05.2024 മുതൽ 22.05.2024 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 20/2024, (40) വെള്ളിയാഴ്ച | തീയ്യതി 17/05/2024 |
|---|---|

| കഴിഞ്ഞ ആഴ്ചയിൽ അനുഭവപ്പെട്ട കാലാവസ്ഥ (2024 മെയ് 11 മുതൽ മെയ് 17 വരെ) | | | | | | | കാലാവസ്ഥാ ഘടകങ്ങൾ | കാലാവസ്ഥാ പ്രവചനം (2024 മെയ് 18 മുതൽ മെയ് 22 വരെ) | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 11/05 | 12/05 | 13/05 | 14/05 | 15/05 | 16/05 | 17/05 | തീയ്യതി | 18/05 | 19/05 | 20/05 | 21/05 | 22/05 |
| 0.6 | 25.1 | 0.0 | 3.3 | 6.6 | 0.0 | 1.9 | മഴ (മില്ലീമീറ്റർ) | 5 | 4 | 12 | 23 | 23 |
| 34.2 | 35.9 | 35.4 | 32.2 | 32.3 | 36.2 | 36.3 | ഉയർന്ന താപനില (°C) | 35 | 34 | 34 | 34 | 34 |
| 25.9 | 24.8 | 26.4 | 25.8 | 23.3 | 25.3 | 26.0 | കുറഞ്ഞ താപനില (°C) | 26 | 25 | 25 | 25 | 25 |
| Cloudy | Cloudy | Cloudy | Overcast | Cloudy | Cloudy | Cloudy | AM മേഘ വ്യാപ്തി (ഒക്ടാ) | Cloudy | Cloudy | Cloudy | Cloudy | Cloudy |
| Overcast | Overcast | Cloudy | Cloudy | Overcast | Overcast | | PM | | | | | |
| 95 | 92 | 95 | 92 | 93 | 84 | 89 | കൂടിയ അന്തരീക്ഷ ആർദ്രത (%) | 87 | 87 | 87 | 87 | 87 |
| 72 | 69 | 83 | 78 | 64 | 62 | | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 71 | 71 | 71 | 71 | 71 |
| 1.1 | 1.5 | 1.5 | 1.2 | 1.7 | 2.8 | 1.7 | കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 2 | 2 | 2 | 2 | 14 |
| C | C | C | C | NNE | C | C | AM കാറ്റിന്റെ ദിശ (ഡിഗ്രി ) | SW | SW | SW | SW | SW |
| C | SW | ESE | C | SSW | WSW | | PM | | | | | |

| കഴിഞ്ഞ ആഴ്ച്ചയിലെ മഴ (മില്ലീമീറ്റർ) | 01/01/2024 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) | 01/03/24 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) |
|---|---|---|
| 37.5 | 191.9 | 59.7 |

കാലാവസ്ഥാ അറിയിപ്പ്: 2024 മെയ് 17 മുതൽ 21 വരെ കേരളത്തിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ ഇടിമിന്നലും, മണിക്കൂറിൽ 30 മുതൽ 50 കി.മീ വേഗതയിൽ ശക്തമായ കാറ്റും അനുഭവപ്പെടാൻ സാധ്യതയുണ്ട്.

SMS:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ ഒറ്റപെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപെട്ട മഴയ്ക്ക (15.6 മുതൽ 64.4 mm) സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത.

### വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (തൃശ്ശൂർ ജില്ല)

പൊതുനിർദേശങ്ങൾ: കാലവർഷാരംഭത്തിനു മുൻപേ കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. നീർവാർച്ച സൗകര്യം മെച്ചപ്പെടുത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ കൂടുതൽ ബലപ്പെടുത്തുക. കർഷകർക്കും, കന്നുകാലികൾക്കും ഇടിമിന്നൽ ഏൽക്കാതിരിക്കാൻ തുറസ്സായ സ്ഥലങ്ങളിൽ നിൽക്കാതിരിക്കുക. മണ്ണിൽ ഈർപ്പം നിലനിർത്താൻ ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (വിരിപ്പ്) | - | വിരിപ്പ് കൃഷി ഇറക്കുന്നതിനു മുൻപായി നെല്പാടങ്ങളിൽ ഡെയിഞ്ച വിതച്ചുകൊടുക്കാവുന്നതാണ്. വേനൽമഴ ലഭിച്ച സ്ഥലങ്ങളിൽ വിരിപ്പ് കൃഷി ഇറക്കുന്ന പാടങ്ങളിൽ നിലം ഒരുക്കലും ഞാറ്റടി തയ്യാറാക്കലും ചെയ്യാം. |
| തെങ്ങ്, കവുങ്ങ് | - | തെങ്ങിൻ തൈകളും കവുങ്ങിൻ തൈകളും നടാനുള്ള കുഴികൾ ഇപ്പോൾ തയ്യാറാക്കാവുന്നതാണ്. |
| ഇഞ്ചി, മഞ്ഞൾ | നടീൽ സമയം | ഇഞ്ചി, മഞ്ഞൾ എന്നിവ നടാനായിട്ട് നിലം ഒരുക്കുന്ന സമയത്ത് ഒരു സെന്റിന് രണ്ടു മുതൽ മൂന്ന് കിലോ വരെ കുമ്മായം ഇട്ടുകൊടുക്കാവുന്നതാണ്. മൂട് ചീയൽ രോഗം തടയുന്നതിന് മുൻകരുതലായി ഇഞ്ചി വിത്തും, മഞ്ഞൾ വിത്തും 3 ഗ്രാം മാങ്കോസെബ് അല്ലെങ്കിൽ സ്യൂഡോമോണാസ് ഒരു ലിറ്റർ ലായനിയിൽ 30 മിനിറ്റ് മുക്കിവെച്ച ശേഷം നടുക. 90 കിലോ ചാണകപ്പൊടി ഒരു കിലോ ട്രൈക്കോഡർമയുമായി കൂട്ടികലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്കവണ്ണം രണ്ടാഴ്ച്ച തണലത്ത് വെച്ച ശേഷം ഇട്ടുകൊടുക്കുക. |

മൃഗസംരക്ഷണം-: ചാണക പരിശോധന നടത്തി വിദഗ്ധോപദേശ പ്രകാരം വിര മരുന്ന് നൽകുക. തൊഴുത്തിലോ, പരിസരത്തോ എലി ശല്യം ഇല്ലാതിരിക്കുവാൻ ശ്രദ്ധിക്കുക. എലിയിൽ നിന്നും പകരുന്ന എലിപ്പനി അഥവാ ലെപ്റ്റോസ്പൈറോസിസ് എന്ന രോഗം ഉരുക്കൾക്കും കർഷകർക്കും ഒരുപോലെ മാരകമാണ്. കന്നുകാലികൾക്ക ഇടിമിന്നൽ ഏൽക്കാതിരിക്കാൻ തുറസ്സായ സ്ഥലങ്ങളിൽ നിന്ന് അകറ്റി നിർത്തുക. (CAADECCS, KVASU, Mannuthy).